©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2025 നവംബർ 25
25th November 2025
1201 വൃശ്ചികം 9
9th Vrischikam 1201
1947 അഗ്രഹായനം 4
4th Agrahayana 1947

നമ്പർ
No.
4107

ഫോറം നമ്പർ 7

[റൂൾ 18 (1) കാണുക]

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള വിജ്ഞാപനം

DCKNR/13310/2019-JS(C) *2025 നവംബർ 22*

കേരള സർക്കാർ 04/12/2015 തീയ്യതിയിലെ ജി.ഒ.(പി) നമ്പർ.649/2015/RD ഉത്തരവു പ്രകാരം സ്പെഷ്യൽ തഹസിൽദാർ, എൽ.എ.എയർപോർട്ട് നം.1 മട്ടന്നൂരിനെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നുംവില നടപടി പ്രകാരം ഏറ്റടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും,

ആയതിൻപ്രകാരം ഡെപ്യൂട്ടികളക്ടർ (എൽ.എ), കളക്ട്രേറ്റ്, കണ്ണൂർ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കാര്യനിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും ,

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി കാറ്റ് 1 ലൈറ്റിംഗിന് സമീപമുള്ള 5 കുടുംബങ്ങളുടെ സുരക്ഷ മുൻനിർത്തി കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ പഴശ്ശി വില്ലേജിലെ 71.85 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നതു കൊണ്ടും,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇപ്പോൾ ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേയ്ക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവാകശനിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താത്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതി മുതൽ പതിനഞ്ച് ദിവസത്തിനുള്ളിൽ പൊന്നുംവിലയ്ക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം, എന്തെങ്കിലുമുണ്ടെങ്കിൽ, രേഖാമൂലമുള്ള പ്രസ്താവന സഹിതം സ്പെഷ്യൽ തഹസീൽദാർ, എൽ.എ, എയർപോർട്ട്.നം.1 മട്ടന്നൂർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കു ശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിന്മേലുള്ള താൽപര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ് സൈറ്റായ www.kannur.nic.in ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

ജില്ല - *കണ്ണൂർ* താലൂക്ക് - *ഇരിട്ടി*

വില്ലേജ് - *പഴശ്ശി* ദേശം - *മട്ടന്നൂർ*

ക്രമ നം	*സർവ്വെ/സബ് ഡിവിഷൻ നം.*	*വിവരണം*	*ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ)*	*ഏതു പൊതു ആവശ്യത്തിന് എന്ന്*	*ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം*	*കൈവശക്കാരുടെ വിവരങ്ങൾ*
1	8/1A	സ്ഥിര പുഞ്ച	0.1405	കാറ്റ് 1 ലൈറ്റിംഗിനു സമീപമുള്ള 5 കുടുംബങ്ങളുടെ സുരക്ഷാ ഭീഷണി മുൻനിർത്തി	റൺവേയ്ക്ക് നേരെ താഴെ കാറ്റ് 1 ലൈറ്റിംഗിനു സമീപം കുടുംബങ്ങൾ താമസിക്കുന്നതു കാരണം	തേനമ്പേത്ത് ബാലൻ
2	8/1C	സ്ഥിര പുഞ്ച	0.0040			എൻ.സുരേന്ദ്രൻ
3	8/2	സ്ഥിര പുഞ്ച	0.1173			നരിക്കോടൻ പുഷ്പ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4	9/2	സ്ഥിര പുഞ്ച	0.0290			പുതിയേടത്ത് കാർത്ത്യായനി, മത്രൂർക്കണ്ടി ബീന
ആകെ			0.2908			

സാമൂഹ്യ ആഘാത ഏജൻസിയുടെ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

സാമൂഹ്യ ആഘാത പഠനം നടത്തുന്ന ഏജൻസി വിമാനത്താവള പ്രദേശത്തെ കാറ്റ് 1 ലൈറ്റിംഗിനു വേണ്ടി ഏറ്റെടുത്ത പ്രദേശത്തിന്റെ അടുത്തായി അഞ്ചു കുടുംബങ്ങൾ ഉണ്ടെന്നും ഈ കുടുംബങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷാ ഭീഷണി ഉണ്ടെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ആയതിനാൽ തന്നെ ഭൂമി ഏറ്റെടുക്കുന്നതും കുടിയൊഴിപ്പിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

(ഒപ്പ്)

ജില്ലാകളക്ടർ, കണ്ണൂർ

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.)

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 19.09.2015-മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും പ്രസ്തുത ചട്ടങ്ങളിലെ റൂൾ 18 പ്രകാരം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ഗ്രാമീണ നഗര പ്രദേശങ്ങളായി തരം തിരിച്ച് വിശദ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

മേൽ ആവശ്യം കൈവരിക്കാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.25 11:44:26 +05:30